# കേരള സർവകലാശാല

നം. പി.ആർ.109/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സ് ഇൻ റഷ്യൻ ആന്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ റഷ്യൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല റഷ്യൻ പഠനവകുപ്പ് 2017-18 അക്കാദമിക് വർഷത്തിൽ നടത്തുന്ന ഇന്റഗ്രേറ്റഡ് ഡിപ്ലോമ കോഴ്സ് ഇൻ റഷ്യൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ റഷ്യൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. രജിസ്ട്രേഷൻ ഫീസ് 100 രൂപ. അപേക്ഷാഫോം റഷ്യൻ പഠനവകുപ്പിൽ നിന്നും 25 രൂപ അടച്ച പേയിൻ സ്ലിപ്പുമായി വന്ന് കൈപറ്റാം. അപേക്ഷാഫോം പിഴകൂടാതെ മെയ് 22 (50 രൂപ പിഴയോടെ മെയ് 29, 250 രൂപ പിഴയോടെ കൂടി ജൂൺ 6) വരെ റഷ്യൻ പഠനവകുപ്പിൽ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ: 0471-2386321, 9497270802.

### സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ജർമൻ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ജർമൻ പഠനവകുപ്പ് 2017-18 അക്കാദമിക് വർഷത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ജർമൻ കോഴ്സിലേക്ക് (പാർട്ട്ടൈം) അപേക്ഷ ക്ഷണിച്ചു.യോഗ്യത കേരള സർവകലാശാല അംഗീകരിച്ച ബിരുദം അഥവാ തത്തുല്യ യോഗ്യത. രജിസ്ട്രേഷൻ ഫീസ് 100 രൂപ. അപേക്ഷാഫോം ജർമൻ പഠനവകുപ്പിൽ നിന്നും 25 രൂപ അടച്ച പേയിൻ സ്ലിപ്പുമായി വന്ന് കൈപറ്റാം. അപേക്ഷാഫോം പിഴകൂടാതെ മെയ് 22 (50 രൂപ പിഴയോടെ മെയ് 29, 250 രൂപ പിഴയോടെ കൂടി ജൂൺ 6) വരെ ജർമൻ പഠനവകുപ്പിൽ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ: 0471-2386320, 9497270802.

### ബി.ടെക് ഫലം

കേരള സർവകലാശാല 2016 സെപ്തംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ ഏഴ് വരെ ഓൺലൈനായി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാവുന്നതാണ്.

### ബി.വോക് ഫലം

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡവലപ്മെന്റ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ രണ്ട് വരെ ഓൺലൈനായി അപേക്ഷിക്കാം.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക്

കേരള സർവകലാശാല അറബി വിഭാഗം നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്മ്യൂണിക്കേറ്റീവ് അറബിക് കോഴ്സിന് മെയ് 22 വരെ അപേക്ഷിക്കാം. യോഗ്യത പ്ലസ് ടു. ഫീസ് 6000 രൂപ. ക്ലാസുകൾ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ വൈകുന്നേരം 3.30 മുതൽ 5.30 വരെ. ഫോൺ: 0471–2308846

## ബി.എച്ച്.എം. ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജിയുടെ (2014 സ്കീം – റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനുള്ള അവസാന തീയതി ജൂൺ 16. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ. മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബി.എ. മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ഗവ. വനിതാ കോളേജിൽ മെയ് 22, 23, 24, 25 തീയതികളിലും, നീറമൺകര എൻ.എസ്.എസ് കോളേജിൽ മെയ് 22, 23 തീയതികളിലും, കൊല്ലം ശ്രീ നാരായണ വനിതാ കോളേജിൽ മെയ് 26,27,30,31 തീയതികളിലും രാവിലെ 9.30 മുതൽ നടക്കും.

## ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല മെയ് 30–ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം (2010 അഡ്മിഷൻ – മേഴ്സി ചാൻസ്, 2011, 2012 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷാകേന്ദ്രങ്ങൾ തിരുവനന്തപുരം – എം.ജി കോളേജ്, കൊല്ലം – ഡി.ബി ശാസ്താംകോട്ട, ആലപ്പുഴ – എസ്.ഡി കോളേജ്, പത്തനംതിട്ട – അടൂർ സെന്റ് സിറിൾസ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഹാൾ ടിക്കറ്റുകൾ അതാത് കോളേജുകളിൽ നിന്നും കൈപറ്റി നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ ബോട്ടണി വിഭാഗത്തിലെ പി.ജി ഡിപ്ലോമ ഇൻ ബയോ ഡൈവേഴ്സിറ്റി കൺസർവേഷൻ എന്ന കോഴ്സിലേയ്ക്ക് സുവോളജി പഠിപ്പിക്കുവാൻ ഗസ്റ്റ് ലക്ചററെ ആവശ്യമുണ്ട്. യോഗ്യത എം.എസ് സി സുവോളജിയുടെ കൂടെ നെറ്റ് അല്ലെങ്കിൽ യു.ജി.സി പരീക്ഷ പാസ്സായിരിക്കണം. താൽപര്യമുള്ളവർ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി സഹിതം മെയ് 31–നകം വകുപ്പ് മേധാവിയുടെ പേർക്ക് അയ്ക്കണം. അയയ്ക്കേണ്ട വിലാസം വകുപ്പ് മേധാവി, ബോട്ടണി വിഭാഗം, കേരള സർവകലാശാല, കാര്യവട്ടം – 695581.

## ബി.എച്ച്.എം പ്രാക്ടിക്കൽ

കേരള സർവകലാശാല നടത്തുന്ന ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) ഒന്നാം സെമസ്റ്റർ പ്രാക്ടി

ക്കൽ പരീക്ഷ മെയ് 22-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും.

**എം.ബി.എ പ്രവേശനം (ഈവനിംഗ് - റഗുലർ)**

രണ്ട് വർഷം മാനേജ്മെന്റ് രംഗത്ത് പ്രവൃത്തിപരിചയമുള്ള 25 വയസ്സിന് മുകളിൽ പ്രായമുള്ള എം.ബി.എ പഠനം ആഗ്രഹിക്കുന്നവർക്ക് കേരള സർവകലാശാലയിലെ പാളയം ഐ.എം.കെ-യിൽ എം.ബി.എ (ഈവനിംഗ് - റഗുലർ) പ്രവേശനത്തിന് അപേക്ഷിക്കാം. അവസാന തീയതി ജൂൺ 30. വിശദ വിവരങ്ങൾക്ക് (**www.admissions.keralauniversity.ac.in**) എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ kmatkerala.in എന്ന വെബ്സൈറ്റിലൂടെ എം.ബി.എ പ്രവേശനപരീക്ഷയ്ക്കും അപേക്ഷിക്കാം. അവസാന തീയതി മെയ് 31.

**എൽ.എൽ.ബി പരീക്ഷ**

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) (2011-12 അഡ്മിഷന് മുമ്പുള്ളത്)(കോമൺ ഫോർ മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷകൾ ജൂൺ രണ്ടിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**) ലഭിക്കും.

തിരുവനന്തപുരം.
19.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ